**B** **705**

# വാർഷിക മൂല്യനിർണയം 2017-18

**ക്ലാസ്സ് : 7** **സാമൂഹ്യശാസ്ത്രം** **സമയം: 2 മണിക്കൂർ**

## *നിർദേശങ്ങൾ*

- ആദ്യത്തെ 15 മിനിട്ട്, ചോദ്യങ്ങൾ നന്നായി വായിച്ച് മനസിലാക്കാനുള്ളതാണ്. (സമാശ്വാസ സമയം)
- പത്തു പ്രവർത്തനങ്ങൾ ഉള്ളതിൽ നന്നായി അറിയാവുന്ന എട്ടു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
- തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങളുടെ എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതാൻ ശ്രമിക്കേണ്ടതാണ്.

---

**പ്രവർത്തനം : 1**

- **വിവിധ ജനവിഭാഗങ്ങൾ (കർഷകർ, നെയ്ത്തുകാർ, സന്താൾ വിഭാഗക്കാർ, വ്യക്തികൾ തുടങ്ങിയവർ) ബ്രിട്ടീഷുകാർക്കെതിരെ സമരം നടത്തി. എന്നാൽ 'ഇന്ത്യൻ ജനത ഒന്നിച്ച്' എന്ന വികാരമുണർത്തിയ സമരമായിരുന്നു 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരം. ഇത് ഈസ്റ്റ്- ഇന്ത്യാ കമ്പനിയുടെ ഭരണം അവസാനിപ്പിച്ച് ബ്രിട്ടീഷ് രാജ്ഞി നേരിട്ട് ഭരണം നടത്താൻ കാരണമായി. പക്ഷെ, ബ്രിട്ടീഷുകാർ ഒന്നാം സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്തി.**

എ) സമരം പരാജയപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു?

ബി) സമരക്കാർ ഇന്ത്യയുടെ ചക്രവർത്തിയായി പ്രഖ്യാപിച്ചത് ആരെയാണ്?

**പ്രവർത്തനം : 2**

- **ഭക്ഷ്യോത്പാദനരംഗം നേരിടുന്ന ചില വെല്ലുവിളികളാണ് താഴെ കൊടുത്തിരിക്കുന്നത്.**

**മലമ്പുഴ ഡാമിലെ വെള്ളം തുറന്നു വിടണം: കർഷകർ**

**നടീൽ യന്ത്രം: വാടക കുറയ്ക്കണം**

**കാലം തെറ്റി മഴ: വിളഞ്ഞ നെല്ല് വെള്ളത്തിലായി**

എ) ഇവ കൂടാതെ എന്തെല്ലാം വെല്ലുവിളികളാണ് ഭക്ഷ്യോത്പാദനരംഗം നേരിടുന്നത്? വിശദമാക്കുക?

ബി) ഭക്ഷ്യോത്പാദനരംഗം നേരിടുന്ന വെല്ലുവിളികളിൽ ഏതെങ്കിലും ഒന്ന് പരിഹരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുക?

**പ്രവർത്തനം : 3**

- **ബ്രിട്ടീഷ് ഭരണാധികാരികൾ ഇന്ത്യൻ ജനതയുടെ പൗരാവകാശങ്ങൾ ലംഘിക്കുന്ന നിരവധി കരിനിയമങ്ങൾ നടപ്പിലാക്കി. അവയിൽ ജനങ്ങളുടെ വ്യാപകമായ പ്രതിഷേധത്തിന് കാരണമായ ഒന്നായിരുന്നു 'റൗലത്ത് നിയമം'.**

എ) 'റൗലത്ത് നിയമം' ബ്രിട്ടീഷ് സർക്കാരിന് എന്തൊക്കെ അധികാരങ്ങളാണ് നൽകിയത്?

ബി) 'ജാലിയൻവാലാബാഗ്' സംഭവം നടന്നത് എന്ന്?

**പ്രവർത്തനം : 4**

- **ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ.**

എ) ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള അടിസ്ഥാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്?

ബി) ഇന്ത്യൻ ഭരണഘടനയുടെ ആമുഖം കാവ്യാത്മക ശൈലിയിൽ എഴുതിയ മഹാൻ ആരാണ്?

**പ്രവർത്തനം : 5**

മൈനാകപുരം റസിഡൻസ് അസോസിയേഷന്റെ വാർഷികാഘോഷ പരിപാടികളുടെ പത്രവാർത്ത വായിച്ച രമേശന് വലിയ അഭിമാനം തോന്നി. അസോസിയേഷൻ സെക്രട്ടറി എന്ന നിലയിൽ വാർഷികത്തിന്റെ പ്രധാന നടത്തിപ്പു ചുമതല രമേശനായിരുന്നു.

116 കുടുംബങ്ങളാണ് റസിഡന്റ് അസോസിയേഷൻ അംഗങ്ങളായുള്ളത്. ഓരോ കുടുംബത്തിനും അവരുടെ സാമ്പത്തിക ശേഷിയനുസരിച്ചുള്ള വരിസംഖ്യ തീരുമാനിച്ചിട്ടുണ്ട്. ഈ തുകയാണ് വാർഷികാഘോഷത്തിനും ദുർബല കുടുംബങ്ങളെ അവശ്യ സന്ദർഭങ്ങളിൽ സഹായിക്കാനും ഉപയോഗിക്കുന്നത്. വിവിധ പ്രായക്കാരായ കുട്ടികളുടെ 5 കുട്ടിസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ കലാപരിപാടികൾ വാർഷികത്തിനുണ്ടായിരുന്നു. റസിഡൻസ് അസോസിയേഷൻ പരിധിയിലെ ജി.എൽ.പി സ്കൂളിലെ കുട്ടികൾക്ക് കടങ്കഥ, ഗണിത ക്വിസുകൾ തുടങ്ങിയ മത്സരങ്ങൾ നടത്തുകയുണ്ടായി. എല്ലാ കുടുംബങ്ങളുടെയും സജീവ സാന്നിധ്യം വാർഷികത്തിനുണ്ടായിരുന്നു. പ്രാദേശിക ചാനലുകൾ, പരിപാടികൾ സംപ്രേഷണം ചെയ്യുകയുണ്ടായി.

എ) മൈനാകപുരം റസിഡൻസ് അസോസിയേഷൻ വാർഷികത്തെക്കുറിച്ചുള്ള കുറിപ്പ് വായിച്ചല്ലോ. കുറിപ്പിൽ നിന്നും നിങ്ങൾ കണ്ടെത്തിയ സാമൂഹീകരണ ഏജൻസികളുടെ പേരെഴുതുക?

ബി) ഈ ഏജൻസികളിൽ ഏതെങ്കിലുമായി ബന്ധപ്പെട്ട് നിങ്ങൾ നേടിയെടുത്ത രണ്ടു നല്ല ശീലങ്ങൾ എഴുതുക?

**പ്രവർത്തനം : 6**

രാമുവിന്റെ സാമൂഹ്യബന്ധങ്ങൾ കാണിക്കുന്ന ചെക്ക്‌ലിസ്റ്റ് പ്രകാരം അവന്റെ പെരുമാറ്റങ്ങൾ ഇങ്ങനെ കാണുന്നു.

- ധാരാളം കൂട്ടുകാരുണ്ട്.
- കൂട്ടുകാരുടെ വ്യക്തിപരമായ പ്രശ്നങ്ങൾ അന്വേഷിക്കാറില്ല.
- തന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർ വിമർശിക്കുന്നത് ഇഷ്ടമല്ല .
- സംഘപ്രവർത്തനങ്ങൾ വളരെ ഇഷ്ടമാണ്.
- സ്കൂളിലെ ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാറുണ്ട്.
- തന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ചുള്ളവരുമായി മാത്രമേ കൂട്ടുകൂടാറുള്ളു.
- കൂട്ടുകാരുടെ അസാന്നിധ്യം വിഷമമുണ്ടാക്കാറുണ്ട്.

എ) ഈ ശീലങ്ങളെ മാതൃകാപരമായവ, മാറ്റം വരുത്തേണ്ടവ എന്നിങ്ങനെ തരം തിരിക്കുക.

**പ്രവർത്തനം : 7**

- **ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളാണ് കോളം 'എ' യിൽ തന്നിരിക്കുന്നത്. അതിനനുയോജ്യമായ പ്രസ്താവനകൾ 'ബി' കോളത്തിൽ നിന്നും തെരഞ്ഞെടുത്ത് അതാത് സവിശേഷതകൾക്കു നേരെ എഴുതുക.**

| എ | ബി |
|---|---|
| • പാർലമെന്ററി സമ്പ്രദായം | • എല്ലാവരും സമൻമാരാണ്. |
| • മൗലികാവകാശങ്ങൾ | • ജനങ്ങൾ നേരിട്ട് ഭരണത്തലവനെ തെരഞ്ഞെടുക്കുന്ന സമ്പ്രദായം |
| • നിർദേശകതത്വങ്ങൾ | • ഉറപ്പാക്കാൻ കോടതിയെ സമീപിക്കാം |
| • സംയുക്തവ്യവസ്ഥ | • സർക്കാരിന്റെയും ജനങ്ങളുടെയും ഇച്ഛാശക്തിയിൽ മാത്രം നടപ്പാക്കുന്നു. |
| • നിയമവാഴ്ച | • നമ്മുടെ രാജ്യത്തിന്റെ വൈവിധ്യം ഉൾക്കൊള്ളുന്നു. |
| | • ജനങ്ങൾ വോട്ടു ചെയ്ത് ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. |

**പ്രവർത്തനം : 8**

- സൂര്യന്റെ ചൂടും പ്രകാശവുമാണ് നമുക്ക് പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നതെങ്കിലും നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന പല പ്രതിഭാസങ്ങൾക്കും സൂര്യൻ നിമിത്തമാകുന്നു. ഓഖി പോലെ ദുരന്തം വിതയ്ക്കുന്ന കാറ്റും വൈദ്യുതി നൽകുന്ന കാറ്റാടിയന്ത്രങ്ങൾ കറക്കുന്ന കാറ്റും സൂര്യപ്രഭാവത്തിലാണ് സംഭവിക്കുന്നത്.

എ) കാറ്റ് ഉണ്ടാകുന്നതെങ്ങനെ?

ബി) കടൽക്കാറ്റ്, കരക്കാറ്റ് ഇവ എന്തെന്ന് വിശദമാക്കുക?

സി) കാറ്റിന്റെ വേഗത അളക്കുന്ന ഉപകരണമേത്?

**പ്രവർത്തനം : 9**

- ഭാഷ, വേഷം എന്നിവയിലുള്ളതുപോലെ സസ്യവൈവിധ്യത്തിലും നമ്മുടെ രാജ്യം സമ്പന്നമാണ്. സസ്യവൈവിധ്യം അതിനനുസൃതമായ ജന്തുക്കൾക്ക് ആവാസമൊരുക്കുന്നു.

എ) താഴെ പറയുന്നതരത്തിലുള്ള നൈസർഗിക സസ്യജാലങ്ങളാണ് ഇന്ത്യയിലുള്ളത്. അവയുടെ പേരിനു നേരെ അവിടെ കാണപ്പെടുന്ന ജന്തുക്കളുടെ പേരുകൾ തെരഞ്ഞെടുത്ത് എഴുതുക.

- ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ
- ഇലപൊഴിയും കാടുകൾ
- മുൾച്ചെടികളും കുറ്റിക്കാടുകളും
- കണ്ടൽക്കാടുകൾ
- പർവതവനങ്ങൾ

| |
|---|
| കസ്തൂരിമാൻ, ബംഗാൾ കടുവ, ഒട്ടകം, കാട്ടുപോത്ത്, സിംഹവാലൻ-കുരങ്ങുകൾ, ഹിമപ്പുലി, കഴുകൻ, പുലി, അറ്റ്ലസ്മോത്ത്. |

**പ്രവർത്തനം : 10**

- വൈവിധ്യങ്ങളാൽ സമ്പന്നമാണ് ഭാരതത്തിന്റെ ഭൂപ്രകൃതി. ഉത്തരമഹാസമതലം സവിശേഷമായ ഒട്ടേറെ ഭൂപ്രകൃതിഘടകങ്ങളാൽ ശ്രദ്ധേയമാണ്.

എ) ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ലാണ് ഉത്തരമഹാസമതലം എന്നു പറയാറുണ്ട്. കാരണമെന്ത്?

ബി) അയൽസംസ്ഥാനങ്ങളിൽ ഗോതമ്പ്, ചോളം എന്നിവ കൃഷി ചെയ്യുമ്പോൾ ജോവർ, ബജ്റ എന്നീ വിളകളാണ് രാജസ്ഥാനിൽ പ്രധാനമായും കൃഷി ചെയ്യുന്നത്. കാരണമെന്ത്?

exam WINNER